**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3584** | **05-08-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ദേശീയ ഹൈവേ 66-നോട് ചേർന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര ഏക്കർ സ്ഥലമുണ്ട്; | (എ) | കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ഉദുമ ടെക്സ്റ്റയിൽ മിൽസിന്റെ കൈവശം 23.83 ഏക്കർ സ്ഥലം ഉണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം വർഷങ്ങളായി ഉപയോഗിക്കാതെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്പിന്നിംഗ് മിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടപ്പുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഉദുമ ടെക്സ്റ്റൈൽസിന്റെ കൈവശം ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഇല്ല. ജില്ലയിൽ 1000 ഏക്കറോളം സ്ഥലം റവന്യൂ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായി കിടപ്പുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥലം ഏതെങ്കിലും വ്യവസായത്തിന് ഉപയുക്തമാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ആലോചിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ മടിക്കൈയിൽ 99 ഏക്കർ റവന്യൂ ഭൂമി വ്യവസായ വകുപ്പിന് അഡ്വാൻസ് പൊസഷൻ വഴി കൈമാറി കിട്ടിയിട്ടുണ്ട്. ചീമേനിയിൽ 100 ഏക്കർ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ